
കേരള സർക്കാർ
നവകേരളം കർമപദ്ധതി
ഹരിതകേരളം മിഷൻ
നെറ്റ് സീറോ
കാർബൺ
കേരളം
ജനങ്ങളിലൂടെ


നാളെയെന്നത് ഇല്ല എന്ന മട്ടിൽ ഫോസിൽ ഇന്ധനങ്ങളോട് നമ്മൾ ഇന്ന് കാണിക്കുന്ന അമിതാസക്തി അധിക കാലം മുന്നോട്ടു പോകില്ല; എന്തെന്നാൽ നാളെയെന്നൊന്ന് ഉണ്ടാവില്ല എന്നതുതന്നെ.
ഡെസ്മണ്ട് ടുട്ടു
(ദക്ഷിണാഫ്രിക്കൻ മനുഷ്യാവകാശ പ്രവർത്തകൻ)



# 800 കോടി ജനങ്ങൾ ഒരൊറ്റ ഭൂമി മാത്രം

കഴിഞ്ഞ 75 വർഷത്തിനുള്ളിൽ ലോക ജനസംഖ്യ മൂന്ന് മടങ്ങിലധികം വർദ്ധിച്ചു. ഇക്കാലയളവിൽ ഇന്ത്യയിലെ ജനസംഖ്യ നാലു മടങ്ങോളമാണ് വർദ്ധിച്ചത്. കേരളത്തിലെ ജനസംഖ്യയിലും ഇക്കാലയളവിൽ രണ്ടര മടങ്ങിലധികം വർദ്ധനയുണ്ടായി.

ജനസംഖ്യ വർദ്ധിക്കുമ്പോൾ ഊർജ്ജോപയോഗം, പ്രകൃതി വിഭവങ്ങളുടെ ഉപയോഗം, ഭക്ഷ്യ വസ്തുക്കളുടെ ഉപയോഗം, മാലിന്യം തുടങ്ങിയവയിലെല്ലാം ആനുപാതികമായ വർദ്ധനവുണ്ടാകും.

ഊർജ്ജോപയോഗത്തിൽ കഴിഞ്ഞ 75 വർഷത്തിനുള്ളിൽ 5 മടങ്ങിലധികം വർദ്ധനവാണ് ആഗോളതലത്തിൽ ഉണ്ടായത്. കേരളത്തിൽ കഴിഞ്ഞ 15 വർഷത്തിനുള്ളിൽ തന്നെ രണ്ടുമടങ്ങിലധികം വർദ്ധനവ് ഈ മേഖലയിലുണ്ടായി.

പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തിൽ ലോകത്ത് കഴിഞ്ഞ 75 വർഷത്തിനിടയിൽ 10 മടങ്ങ് വർദ്ധനയാണുണ്ടായത്. കേരളത്തിലും പ്രകൃതി വിഭവങ്ങൾ വൻതോതിൽ ചൂഷണം ചെയ്യപ്പെടുന്ന സ്ഥിതിയാണ്.

വിവിധതരം മാലിന്യങ്ങളുടെ അളവിൽ ആഗോള തലത്തിലും ദേശീയ-സംസ്ഥാനതലത്തിലുമെല്ലാം അമ്പരപ്പിക്കുന്ന വർദ്ധനവാണ് ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.



# കാർബൺ പാദമുദ്ര കുറയ്ക്കൽ അനിവാര്യം

കാലാവസ്ഥാ വ്യതിയാനം യാഥാർത്ഥ്യമാണെന്ന് ഇന്ന് ലോകം മുഴുവൻ ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഹരിതഗൃഹ വാതകങ്ങളുടെ അളവ് അന്തരീക്ഷത്തിൽ അനിയന്ത്രിതമായി വർദ്ധിക്കുന്നതാണ് ഇതിന്റെ അടിസ്ഥാന കാരണം. ഇതിന് ശാസ്ത്രീയ പരിഹാരങ്ങളുണ്ട്. തിരിച്ചുപോക്കും തിരിച്ചു പിടിക്കലും സാധ്യമാണ്. എന്നാൽ അത് നടപ്പാക്കാൻ രാഷ്ട്രീയമായ ഇടപെടലും ജനകീയ നടപ്പിലാക്കൽ രീതികളും അനിവാര്യ ഘടകങ്ങളാണ്.

നമ്മുടെ ഭക്ഷണ ശീലങ്ങൾ, കൃഷിരീതികൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഊർജ്ജോപയോഗം തുടങ്ങിയവയെല്ലാം ഏറിയും കുറഞ്ഞും ഹരിതഗൃഹ വാതക പുറന്തള്ളലിന് കാരണമാകുന്നവയാണ്.

ഒരു പ്രത്യേക പ്രവൃത്തിയുടെ ഭാഗമായി പുറന്തള്ളുന്ന കാർബൺ ഡയോക്സൈഡിന്റെ അളവിനെ കാർബൺ പാദമുദ്ര എന്ന പദം കൊണ്ട് വിശേഷിപ്പിക്കാറുണ്ട്. കാർബൺ പാദമുദ്ര കുറഞ്ഞ ജീവിത രീതികളിലേക്ക് മാറുക എന്നത് ഇന്നത്തെ ലോക സാഹചര്യത്തിൽ അനിവാര്യമാണ്.

കാർബൺ ഡയോക്സൈഡ് ഉൾപ്പെടെയുള്ള ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധനവ് നിമിത്തം കഴിഞ്ഞ ഒന്നര നൂറ്റാണ്ടിനിടയിൽ ഭൂമിയിലെ ശരാശരി താപനില $1.1^0C$ വർദ്ധിച്ചിട്ടുണ്ട്. ഇത് $2^0C$ എത്തിച്ചേർന്നാൽ നിരവധി ജീവി വർഗ്ഗങ്ങൾ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകും. മനുഷ്യന്റെ നിലനിൽപ്പ് പോലും പ്രതിസന്ധിയിലാകും.

താപനിലയിലെ വർദ്ധനവ് ശരാശരി $1.5^0C$ എങ്കിലും ആയി പിടിച്ചുനിർത്താനുള്ള ശ്രമമാണ് ആഗോളതലത്തിൽ ഇപ്പോൾ നടക്കുന്നത്. കേരളത്തിൽ പ്രതിവർഷം ഏകദേശം 6 ശതമാനം വർദ്ധനവ് ഹരിതഗൃഹ വാതക പുറന്തള്ളലിൽ സംഭവിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.



# കേരളത്തിലും ഇടപെടൽ അനിവാര്യം

ആഗോളതലത്തിലും ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള കണക്കുകൾ മിക്കവാറും സൂചിപ്പിക്കുന്നത് ഫോസിൽ ഇന്ധനങ്ങളുൾപ്പെടെ ഊർജ്ജോത്പാദനത്തിനുപയോഗിക്കുന്ന പ്രവർത്തനങ്ങൾ, ജൈവമാലിന്യങ്ങൾ എന്നിവയാണ് ഹരിതഗൃഹ വാതകങ്ങളുടെ മുഖ്യസ്രോതസ്സുകൾ എന്നാണ്. ഇവയുടെ അളവ് കുറയ്ക്കലോ കാർബൺ സംഭരണികളുടെ അളവ് കൂട്ടലോ രണ്ടുംകൂടി നടപ്പിലാക്കലോ ആണ് കാർബൺ പാദമുദ്ര കുറയ്ക്കാനുള്ള പോംവഴി.

കാർബൺ പാദമുദ്ര കുറച്ചുകൊണ്ടുവന്ന് മിച്ചശൂന്യ ഉദ്വമനാവസ്ഥ (net zero carbon emission) എത്തിച്ചേരുന്നതിനുള്ള സമയപരിധി വിവിധ രാജ്യങ്ങളും പ്രദേശങ്ങളും ഇതിനകം തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യ 2070 ൽ നെറ്റ് സീറോ ലക്ഷ്യം നേടാനാണ് ശ്രമിക്കുന്നത്. കേരളം ഈ നേട്ടം 2050 ൽ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

ആളോഹരി കാർബൺ പുറന്തള്ളൽ ഇന്ത്യയിലും കേരളത്തിലും ആഗോള ശരാശരിയേക്കാൾ കുറവാണെങ്കിലും നമ്മുടെ ജനസംഖ്യ കൂടുതലായതിനാൽ ആകെ ഹരിതഗൃഹ വാതക പുറന്തള്ളൽ ഉയർന്നുനിൽക്കുന്ന സ്ഥിതിയുണ്ട്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പല പ്രോജക്ടുകളും കാർബൺ പുറന്തള്ളൽ അളവിനെ കുറയ്ക്കുന്നതാണ്. ബോധപൂർവമല്ലെങ്കിലും ചില പ്രോജക്ടുകളുടെ നടപ്പിലാക്കൽ കാർബൺ പുറന്തള്ളൽ കൂട്ടുന്നതിനും കാരണമാകുന്നുണ്ട്.



# നെറ്റ് സീറോ കാർബൺ കേരളം **ജനങ്ങളിലൂടെ**

ഓരോ മേഖലയിലേയും ഓരോ പ്രവർത്തനത്തിന്റെയും ഭാഗമായുണ്ടാകുന്ന കാർബൺ പുറന്തള്ളലും കാർബൺ സംഭരണവും അളക്കാൻ കഴിഞ്ഞാൽ ഈ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ കഴിയും. ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനും ജനകീയ പ്രവർത്തനങ്ങളിലൂടെ കാർബൺ പുറന്തള്ളൽ കുറയ്ക്കും വിധമുള്ള ജീവിതരീതികൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് **നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ.**

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ധർ, ഭരണകർത്താക്കൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുടെ കൂട്ടായ്മയിൽ രൂപപ്പെടുത്തിയ നിർവഹണ രൂപരേഖയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ജനകീയ സഹകരണത്തോടുകൂടിയുള്ള വിവരശേഖരണം, അതിന്റെ അടിസ്ഥാനത്തിൽ കാർബൺ പുറന്തള്ളലിന്റെയും കാർബൺ സംഭരണികളുടേയും കണക്കാക്കൽ, അവ വിശകലനം ചെയ്തുള്ള ഇടപെടലുകൾ എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാനതലത്തിൽ വിദഗ്ധരുടെ മേൽനോട്ടവും സഹായവും, ജില്ലാതലത്തിൽ വിദഗ്ധർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പിന്റെ പിന്തുണ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സാങ്കേതിക സമിതികളുടെ പ്രവർത്തനം, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരുടെ സഹകരണം എന്നിവ ഈ പ്രവർത്തനങ്ങൾക്ക് സഹായകമായി പ്രവർത്തിക്കുന്നു.



# മിഷൻ 2050

ലക്ഷ്യമിട്ട അവസ്ഥയിൽ എത്തുന്ന ഭൂപ്രദേശങ്ങൾ, പൊതു/സ്വകാര്യ/സഹകരണ സ്ഥാപനങ്ങൾ, ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ എന്നിങ്ങനെ വ്യത്യസ്ത യൂണിറ്റുകളെ ഘട്ടംഘട്ടമായി നെറ്റ് സീറോ കാർബൺ ആയി പ്രഖ്യാപിക്കലും ജനകീയമായി നടക്കുന്ന പ്രായോഗിക പ്രവർത്തനങ്ങളിലൂടെ 2050 ആകുമ്പോൾ സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളും നെറ്റ് സീറോ കാർബൺ ആയി പ്രഖ്യാപിക്കാൻ കഴിയുന്ന അവസ്ഥ സംജാതമാക്കലുമാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്.


കേരള സർക്കാർ
നവ
കേരളം
കർമപദ്ധതി
ഹരിതകേരളം മിഷൻ